**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **30-08-2022 - ൽ മറുപടിയ്ക്ക്**

**ബി.ആർ.ഡി.സി.യുടെ ഭൂമി കൈമാറ്റ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.യുടെ കൈവശമുള്ള സ്ഥലവും പള്ളിക്കര പി.എച്ച്.സി.യുടെ കൈവശമുള്ള സ്ഥലവും പരസ്പരം കൈമാറുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബി.ആർ.ഡി.സി.യുടെ കൈവശത്തിലുള്ള റീസർവ്വേ നം. 251/3 (പഴയ റീ.സ. നം. 441/7) ൽ ഉൾപ്പെട്ട 1.03 ഏക്കർ, കേരള ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾ പ്രകാരം നിരുപാധികം വിട്ടൊഴിഞ്ഞ ശേഷം, റവന്യൂ ഭൂമിയാക്കി പി.എച്ച്.സി. നിർമ്മാണത്തിനായി ഉപയോഗാനുമതി നൽകുന്ന വിഷയവും ബി.ആർ.ഡി.സി. വിട്ടൊഴിഞ്ഞ ഭൂമിക്ക് പകരമായി പള്ളിക്കര വില്ലേജിലെ പി.എച്ച്.സി. പള്ളിക്കരയുടെ ഉടമസ്ഥതയിലുള്ള റീ സർവ്വേ നമ്പർ 247/1 (പഴയ സർവ്വേ നമ്പർ 453/5) 1.03 ഏക്കർ സർക്കാർ ഭൂമി ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് പതിച്ച് നൽകുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്.<br><br>എന്നാൽ പി.എച്ച്.സി. നിർമ്മാണത്തിന്റെ അടിയന്തരാവശ്യം പരിഗണിച്ച് ജില്ലാ കളക്ടറുടെ നടപടിക്രമം നം. സി1-71480/2017 തീയതി 24.01.2018 പ്രകാരം ബി.ആർ.ഡി.സി. പി.എച്ച്.സി.യ്ക്കായി അക്വയർ ചെയ്ത 1.03 ഏക്കർ സ്ഥലം കൈമാറി നൽകുകയും അവിടെ പി.എച്ച്.സി. പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി. പള്ളിക്കര പി.എച്ച്.സി. നിർമ്മാണത്തിന് എത്ര തുക നൽകണമെന്നാണ് വ്യവസ്ഥയുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 27.12.2010-ലെ ജി.ഒ.(ആർ.റ്റി) നം. 5031/2010/ എച്ച്.&എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം പള്ളിക്കര പി.എച്ച്.സി.യ്ക്ക് 30 ലക്ഷം രൂപ ബി.ആർ.ഡി.സി. നൽകുമെന്നാണ് ഉത്തരവായിട്ടുള്ളത്. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി. പണം പള്ളിക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | ബി.ആർ.ഡി.സി. 30 ലക്ഷം രൂപ ഇതുവരെ കൈമാറിയിട്ടില്ല. പള്ളിക്കര പി.എച്ച്.സി.യ്ക്ക് കൈമാറിയ സ്ഥലത്തിന് പകരമായുള്ള സ്ഥലം |

| | | | |
|---|---|---|---|
| | | | ബി.ആർ.ഡി.സി.യ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് തുക കൈമാറുന്നതാണ്. |
| (ഡി) | ഭൂമി കൈമാറ്റ സർക്കാർ ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി. നൽകാനുള്ള തുക പള്ളിക്കര ഗ്രാമപഞ്ചായത്തിന് എന്ന് നൽകും എന്ന് അറിയിക്കാമോ? | (ഡി) | ബി.ആർ.ഡി.സി. 30 ലക്ഷം രൂപ ഇതുവരെ കൈമാറിയിട്ടില്ല. പള്ളിക്കര പി.എച്ച്.സി.യ്ക്ക് കൈമാറിയ സ്ഥലത്തിന് പകരമായുള്ള സ്ഥലം ബി.ആർ.ഡി.സി.യ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് തുക കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ